പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2279 — 08.03.2017 ൽ മറുപടിക്ക്

## പാരമ്പര്യ-പാരമ്പര്യേതര ട്രസ്റ്റി ബോർഡുള്ള ക്ഷേത്രങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ഏതൊക്കെ ക്ഷേത്രങ്ങളിലാണ് പാരമ്പര്യേതര ട്രസ്റ്റി നിലവിലുള്ളതെന്ന് വിശദമാക്കാമോ; | (എ) മലബാർ ദേവസ്വം ബോർഡിനു കീഴിലുള്ള ക്ഷേത്രങ്ങളിൽ 02.02.2017 മുതൽ പാരമ്പര്യേതര ട്രസ്റ്റിമാർ നിലവിലില്ല. |
| (ബി) ഏതൊക്കെ ക്ഷേത്രങ്ങളിലാണ് പാരമ്പര്യ ട്രസ്റ്റി നിലവിലുള്ളതെന്നും വ്യക്തമാക്കാമോ; | (ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) പാരമ്പര്യ ട്രസ്റ്റി ബോർഡുള്ള ക്ഷേത്രങ്ങിൽ പാരമ്പര്യേതര ട്രസ്റ്റി ബോർഡ് സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) പാരമ്പര്യ ട്രസ്റ്റിമാരുള്ള ക്ഷേത്രങ്ങളിൽ ക്ഷേത്രഭരണം ചിട്ടയോടെയല്ല നടക്കുന്നതെന്ന് ബോധ്യപ്പെട്ടാൽ പാരമ്പര്യ ട്രസ്റ്റിക്ക് നിയമാനുസൃതമുള്ള നോട്ടീസ് നൽകി അനുയോജ്യമായ രീതിയിലുള്ള അന്വേഷണങ്ങൾ നടത്തി അതിനുശേഷം കമ്മീഷണറുടെ അധികാര പരിധിയിലുള്ള ക്ഷേത്രങ്ങളിൽ കമ്മീഷണർക്കും ഏരിയാ കമ്മറ്റിയുടെ അധികാര പരിധിയിലുള്ള ക്ഷേത്രങ്ങളിൽ ഏരിയാ കമ്മിറ്റിക്കും, 1951 ലെ മദ്രാസ് ഹിന്ദു റിലീജിയസ് ആന്റ് ചാരിറ്റബിൾ എന്റോവ്മെന്റ് നിയമത്തിലെ യഥാക്രമം സെക്ഷൻ 39, 41 പ്രകാരം പാരമ്പര്യേതര ട്രസ്റ്റിമാരെ നിയമിക്കാവുന്നതാണ്. ഭരണ പദ്ധതി നിലവിലുളള ക്ഷേത്രങ്ങളിൽ ഭരണ പദ്ധതിയിലെ നിബന്ധനകൾ അടിസ്ഥാനമാക്കിയാകണം പാരമ്പര്യേതര ട്രസ്റ്റിമാരെ നിയമിക്കേണ്ടത്. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.

സെക്ഷൻ ഓഫീസർ